കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുറക്കാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി-12/118/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല
തീയതി. 08.02.2019
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുറക്കാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുറക്കാട് ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-12/118/2019 തീയതി: 08.02.2019

# ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 18.09.2017 മുതൽ 19.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 20.12.2018 മുതൽ<br>31.12.2018 വരെ | ശ്രീ.ബി.ലിജിലാൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി.മായാദേവി.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ചന്ദ്രശേഖരൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രാജി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.റഹ്മത്ത് ഹാമിദ്. | 01.04.2017 മുതൽ 31.03.2018 വരെ |

2.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.ശശികാന്തൻ | 01.04.2017 മുതൽ 31.03.2018വരെ |
| 2 | വികസനകാര്യം | ശ്രീമതി.ആർ.സുനി | 01.04.2017 മുതൽ 31.03.2018വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.ജിനരാജ് | 01.04.2017 മുതൽ 31.03.2018വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസം | ശ്രീമതി.ജയശ്രീ ചന്ദ്ര | 01.04.2017 മുതൽ 31.03.2018വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീ.നൗഷാദ്.എ. | 01.04.2017 മുതൽ 31.03.2018 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സുജ.എം.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രിൻസ് മോൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.മിട്ടു മോഹൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.പ്രീതി.പി.റ്റി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ധന്യ.സി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.റംലത്ത് ബീവി | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ബിനുമോൻ | 01.04.2017 മുതൽ 28.11.2017 വരെ |
| | ശ്രീമതി.സൽമാബീവി | 29.11.2017മുതൽ 31.03.2018 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.രമണി.വി.കെ | 01.04.2017 മുതൽ 10.05.2017 വരെ |
| | ശ്രീമതി.ഷീല | 11.05.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.സിസി ആന്റണി | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുനിൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീ.സൂരജ് ബാബു | 01.04.2017 മുതൽ 16.11.2017 വരെ |
| | ശ്രീ.ശരത് ബാബു | 17.11.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ആന്റണി.സി | 01.04.2017 മുതൽ 31.03.2018 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി.ലൂസി | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം(എസിആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കിലെ അപാകതകൾ |
| ഭാഗം – 2 | | |
| 13 | 2-1 | വസ്തുനികുതി - കുടിശ്ശിക നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ് |
| 14 | 2-2 | പെർമിറ്റ് നൽകിയ കെട്ടിടങ്ങളിൽ അധികവും നിർമ്മാണം പൂർത്തീകരിച്ചില്ല |
| 15 | 2-3 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയില്ല |
| 16 | 2-4 | ഡി&ഒ ലൈസൻസ് - അപാകതകൾ :- |
| 17 | 2-5 | തോട്ടപ്പള്ളി ബീച്ച് &പാർക്ക് - നിർമ്മാണങ്ങളിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 18 | 2-6 | ടെൻഡർ ഫീസിനത്തിലുള്ള 32,985/-രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| 19 | 2-7 | അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പിന് വ്യക്തതയില്ല |
| ഭാഗം – 3 | | |
| 20 | 3-1 | പുത്തൻപറമ്പ് നടപ്പാത നിർമ്മാണം - ക്രമവിരുദ്ധമായി ചെലവഴിച്ച 32,536/- രൂപ ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട് |
| 21 | 3-2 | വെള്ളക്കരം കുടിശ്ശിക ഇനത്തിൽ ഗ്രാമപഞ്ചായത്തിന് കോടികളുടെ ബാദ്ധ്യത |
| 22 | 3-3 | തെരുവ് വിളക്കുകളുടെ വാങ്ങലിലും,സ്ഥാപിക്കലിനും സുതാര്യതയില്ല |
| 23 | 3-4 | എസ്.സി കുട്ടികൾക്കായി സൈക്കിൾ വാങ്ങൽ- കുറഞ്ഞ ടെന്റർ ഒഴിവാക്കി വാങ്ങൽ നടത്തി |
| 24 | 3-5 | ഗവൺമെന്റ് ഐ.റ്റി.ഐ പുറക്കാട് - കെട്ടിട വാടക ഗ്രാമപഞ്ചായത്തിനു സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നു |
| 25 | 3-6 | അഗതി-ആശ്രയ പദ്ധതി -- മുൻവർഷങ്ങളിൽ ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ച വികസന ഫണ്ടിൽ 487500 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 26 | 3-7 | പ്രവർത്തിക്കാത്ത മത്സ്യലേലഹാളിലേക്ക് ഫർണിച്ചർ വാങ്ങി |
| 27 | 3-8 | എഗ്രിമെന്റ് വച്ച് നിർവ്വഹണ ചുമതല ഏൽപ്പിച്ച പ്രവർത്തികൾ ആരംഭിച്ചിട്ടില്ല |

| | | |
|---|---|---|
| 28 | 3-9 | പഞ്ചായത്ത് വാങ്ങി നൽകിയ ടാറിന്റെ ബാരൽ വില ഈടാക്കിയില്ല |
| 29 | 3-10 | പഠനമുറി നിർമ്മാണം - ഓഡിറ്റ് വർഷം വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖകളില്ലാതെ ആനുകൂല്യം നൽകി |
| 30 | 3-11 | വയോജനങ്ങൾക്ക് കട്ടിൽ - അപേക്ഷകൾ, വിതരണ രേഖകൾ എന്നിവ ഹാജരാക്കിയില്ല |
| 31 | 3-12 | സ്വന്തമായി ഭൂമിയുണ്ടെന്നുള്ള രേഖകളില്ലാതെ പി.വി.സി വാട്ടർ ടാങ്കുകൾ നൽകി |
| 32 | 3-13 | ഭവന പുനരുദ്ധാരണ പദ്ധതികൾ - സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ല |
| 33 | 3-14 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 34 | 3-15 | മഴക്കാല പൂർവ്വ ശുചീകരണം - നൽകിയ തുക ചെലവഴിച്ചില്ല |
| 35 | 3-16 | ലോഗ് ബുക്കിലെ അപാകതകൾ |
| 36 | 3-17 | പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ - നൽകിയ മുഴുവൻ തുകക്കു മരുന്നുകൾ ലഭിച്ചില്ല |
| 37 | 3-18 | ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച |
| ഭാഗം – 4 | | |
| 38 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 39 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 40 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 41 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 42 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 43 | 4-6 | ഓഡിറ്റ് റിക്കവറി |
| 44 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 45 | 4-8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം. |
| 46 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 47 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 48 | അനുബന്ധം.1 | |
| 49 | അനുബന്ധം.2 | |
| 50 | അനുബന്ധം.3 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.03.17 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

കേരളാപഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 175 പ്രകാരം പഞ്ചായത്ത് സെക്രട്ടറിയും വിവിധ മേഖലകളിലെ ഉദ്യോഗസ്ഥരും നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ തയ്യാറാക്കുന്ന വികസന രേഖകൾ കണക്കിലെടുത്ത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ജനവരി 15-ന് മുൻപ് ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിശദാംശം മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. ആയതിന്റെയും വിവരങ്ങൾ മിനട്സിൽ ഇല്ല.

ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 20,52,38,890 | 20,21,91,610 |
| വാർഷിക കണക്ക് പ്രകാരം | 8,02,64,484 | 7,55,10,521 |

ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇ.എഫ്.എം.എസ് വഴിയുള്ള തൊഴിലുറപ്പ് വേതനം, ഡി.ബി.റ്റി മുഖേന നല്കിയ ക്ഷേമ പെൻഷനുകൾ എന്നിവയുടെ വരവ് ചെലവ് തുക കൂടി പരിഗണിച്ചാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്. ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 04.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

കെ.എസ്.എ-എ.എൽ.പി-ജിഎ.4-1126(63)/18തീയതി 30.07.18 പ്രകാരം വാർഷിക ധനകാര്യപത്രികാ പരിശോധന റിപ്പോർട്ടും സർട്ടിഫിക്കറ്റും പ്രത്യേകമായി പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,38,63,020 |
| വരവ് | 6,64,01,464 |
| ആകെ | 8,02,64,484 |
| ചെലവ് | 75,51,0521 |
| നീക്കിയിരിപ്പ് | 4753963 |

## 1-5 ഫണ്ട് വിനിയോഗം(എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | - | 20341000 | 20341000 | 18187611 | 2153389 |
| എസ്.സി. പി | - | 3670757 | 3670757 | 3643418 | 27339 |
| ടി.എസ്.പി | - | 110955 | 110955 | 43550 | 67405 |
| സി.എഫ്. സി | - | 9408336 | 9408336 | 9408336 | 0 |

| | | | | | |
|---|---|---|---|---|---|
| കെ. എൽ.ജി. എസ്.ഡി.പി | - | 3865336 | 3865336 | 2939928 | 925408 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | - | 3348000 | 3348000 | 2936232 | 411768 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | - | 4450000 | 4450000 | 4277703 | 172297 |
| എൻ.ആർ.ഇ.ജി.എസ് | 154052 | 1372855 | 1526907 | 1482385 | 44522 |
| ബി.ഫണ്ട് | | 632960 | 632960 | 632960 | |
| ദുരിതാശ്വാസഫണ്ട് | 64141 | 2390 | 66531 | 0 | 66531 |
| ട്രഷറി-റ്റിഎസ്ബി<br>ജോയിന്റ് വെഞ്ചർ | - | 1829050 | 1829050 | 4016132 | (-)2187082 |
| ട്രഷറി-റ്റിഎസ്ബി<br>(ജനറൽ പർപ്പസ്) | 10332375 | 10705000 | 21037375 | 19616911 | 1420464 |
| കറന്റ് അക്കൗണ്ട് | - | 60826 | 60826 | - | 60826 |
| തനത് ഫണ്ട് | 1448135 | 5564994 | 7013129 | 3937681 | 3075448 |
| ക്യാഷ്<br>(തനത്ഫണ്ട്) | 230356 | 90050 | 320406 | 230356 | 90050 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | 1631895 | 2218195 | 3850090 | 1669028 | 2181062 |
| സാക്ഷരത | 2066 | 76 | 2142 | - | 2142 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 181 | 71946811 | 124 | 46252964 | 8 | 49 | 69 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 154052 | 1372855 | 1526907 | 1482385 | 44522 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 81335598 | 81335598 | 81335598 | - |
| ആകെ | 154052 | 82708453 | 82862505 | 82817983 | 44522 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 213960 | 382 |
| കർഷകതൊഴിലാളി പെൻഷൻ | 2889000 | 950 |
| വിധവാപെൻഷൻ | 2622900 | 858 |
| വാർദ്ധക്യകാലപെൻഷൻ | 5762400 | 2048 |
| വികലാംഗപെൻഷൻ | 1210800 | 382 |
| അവിവാഹിതപെൻഷൻ | 285900 | 88 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 180000 | 6 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.12.18ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7394/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കി പുറക്കാട് ഗ്രാമപഞ്ചായത്ത് ഐ.എസ്.ഒ. 9001:2008 സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്. എങ്കിലും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ചില അപാകതകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പഞ്ചായത്തിന്റെ വെള്ളക്കര കുടിശ്ശിക 7 കോടി രൂപയ്ക്കുമേൽ ആയിട്ടും പ്രതിമാസ വെള്ളക്കരം കൃത്യമായി ഒടുക്കുന്നതിനും, ഒടുക്കുസംബന്ധമായ രേഖകളും/രജിസ്റ്ററുകളും പരിപാലിക്കുന്നതിനും അധികൃതർ വീഴ്ച വരുത്തുന്നു. ഈ നടപടി പഞ്ചായത്തിനെ ഗുരുതരമായ സാമ്പത്തിക കടക്കെണിയിലേക്കാണ് നയിക്കുന്നത്.
2. ലക്ഷങ്ങൾ മുടക്കി വാങ്ങുന്ന ഇലക്ട്രിക് ഉപകരണങ്ങൾ കരാറുകാർക്ക് കൈമാറുന്നുവെങ്കിലും ആയത് യഥാവിധി സ്ഥാപിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിൽ വീഴ്ച വരുത്തുന്നു. ഇതുസംബന്ധമായ രജിസ്റ്ററുകളുടെ പരിപാലനത്തിലും വീഴ്ചയുണ്ട്.
3. ഡെപ്പോസിറ്റ് വർക്കുകൾക്കായി തൻവർഷം വൻതുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ യഥാസമയം നിർവ്വഹിക്കപ്പെടുന്നുവെന്നത് ഉറപ്പാക്കുന്നില്ല.
4. പെർമിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്. ഇതുസംബന്ധമായ ഫയലുകളുടെ പരിപാലനത്തിലും വീഴ്ചയുണ്ട്.
5. പഞ്ചായത്ത് വാഹനത്തിന്റെ പ്രതിമാസ ഇന്ധന ഉപഭോഗ സംബന്ധമായി ലോഗ് ബുക്കിൽ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.
6. ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും ഹാജർ ബോർഡ് സ്ഥാപിക്കപ്പെട്ടിട്ടില്ല.
7. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.

അപാകങ്ങൾ പരിഹരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.18 | 10/18,<br>11/18 | 22.12.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.12.15 മുതൽ<br>26.12.15 വരെ.<br>&13.01.16 മുതൽ 19.01.16 വരെ. | 2010-11 മുതൽ<br>2014-15 വരെ | 18.02.2016 |

## 1-12 വാർഷികകണക്കിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി-ജിഎ.4-1126(63)/18 തീയതി. 30.07.18 ആയി പുറപ്പെടുവിച്ച വാർഷിക ധനകാര്യ പത്രിക പരിശോധന റിപ്പോർട്ടിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി - കുടിശ്ശിക നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്

വാർഷികകണക്ക് പ്രകാരം വസ്തുനികുതി ഇനത്തിലുള്ള കുടിശ്ശിക 14,86,437/- രൂപ യാണ്. ഓഡിറ്റ് സമയത്തെ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള നികുതി പിരിവ് സ്റ്റേറ്റ്മെന്റ് പ്രകാരം കുടിശ്ശിക ഇനത്തിൽ 3,00,254/- രൂപ പിരിച്ചെടുക്കാനുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കി കുടിശ്ശിക ഇനത്തിൽ അവശേഷിക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 പെർമിറ്റ് നൽകിയ കെട്ടിടങ്ങളിൽ അധികവും നിർമ്മാണം പൂർത്തീകരിച്ചില്ല

2014-15 വർഷം പെർമിറ്റ് എടുത്ത 31 കെട്ടിടങ്ങളിൽ 7 എണ്ണം മാത്രമാണ് ഇതുവരെ (12/18) നിർമ്മാണം പൂർത്തിയാക്കിയത് എന്നാണ് ഓഡിറ്റ് അന്വേഷണ (നം.6/27.12.18) ത്തിന് മറുപടി നൽകിയത്. കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്കരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പെർമിറ്റ് എടുത്ത കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ അന്വേഷിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 2-3 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ബന്ധപ്പെട്ട അർദ്ധവർഷം (2017-18) തൊഴിൽനികുതി ഈടാക്കിയില്ലാത്തതായി കാണുന്നു.

1. മരിയ ഐസ്പ്ലാന്റ്, തോട്ടപ്പള്ളി (രണ്ട് അർദ്ധവർഷത്തെയും)

2. ചിപ്പിഫൈനാൻസിയേഴ്സ് (രണ്ടാം അർദ്ധവർഷം)

3. ESSCO മൈക്രോഫിനാൻസ് ( രണ്ട് അർദ്ധവർഷത്തെയും)

4. ഇല്ലിച്ചിറ ക്ഷീരോൽപാദക സഹകരണ സംഘം (രണ്ടാം അർദ്ധവർഷം)

ഓഡിറ്റ് അന്വേഷണം (1/26.12.2018) നൽകിയതിനെ തുടർന്ന് ക്രമ നമ്പർ ഒന്ന്, രണ്ട് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി പലിശ ഉൾപ്പെടെ യഥാക്രമം 4367/- (118020101937, 1938/31.12.2018), 430/- (118020101919/29.12.2018) രൂപ വീതം അടച്ചു. ക്രമ നമ്പർ മൂന്നിലെ സ്ഥാപനം 2016-17 ഒന്നാം അർദ്ധവർഷം പ്രവർത്തനം നിർത്തിയതാണെന്നും അറിയിച്ചു. എന്നാൽ ഹാജരാക്കിയ ഡിമാന്റ് രജിസ്റ്ററിൽ ഈ സ്ഥാപനത്തിന്റെ പേരും ഉൾപ്പെട്ടിരുന്നു. ക്രമ നമ്പർ നാല് സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതും ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതുമാണ്.

### 2-4 ഡി&ഒ ലൈസൻസ് - അപാകതകൾ :-

ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

I.ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2016-17 വർഷം ലൈസൻസ് എടുത്ത ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2017-18 വർഷം ലൈസൻസ് പുതുക്കിയില്ല.

1.XI/216A -സുജാത, പുതുവൽ.

2. XVIII/280 -രാജുമോൻ, ഉണ്ടുപറമ്പ്, (ഹോട്ടൽ)

3. IV/402A -റഷീദാബീവി, ആഞ്ഞിലിവെളിയിൽ

4. XIII/21 -ജിജോ, കന്നിട്ടച്ചിറയിൽ. (ടയർ &ട്യൂബ്).

5.VIII/202 -ഭവാനന്ദൻ, ലക്ഷ്മി സദനം. (സ്പെയർ പാർട്സ്)

6. XIII/110 -വിജയൻ, തട്ടക്കാട്ടുതോപ്പ് (ചായക്കട)

7.VIII/230 – ചെല്ലമ്മ, പുതുവൽ (പച്ചക്കറിക്കട)

കേരളാ പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ -232(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല. ആയതിനാൽ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയമാനുസൃതമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

II.ലൈസൻസ് നേടിയ സ്ഥാപനം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല:-

ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട്.

ഉദാ:- ഉമ്മർയാഹിയ, ഉമ്മർമൻസിൽ.(XVI/7, സ്റ്റേഷനറി കട)

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയപ്പോൾ സംഭവിച്ച പിശകാണിതെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിൽ കൃത്യത പുലർത്തേണ്ടതാണ്.

III. യഥാസമയം ലൈസൻസ് പുതുക്കുന്നില്ല.

കേരളാ പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. തൻവർഷം ലൈസൻസ് എടുത്ത 143 സ്ഥാപനങ്ങളിൽ 33 എണ്ണം മാത്രമാണ് യഥാസമയം ലൈസൻസ് എടുത്തത്. വരും വർഷങ്ങളിൽ അപാകത ഒഴിവാക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചു. വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 തോട്ടപ്പള്ളി ബീച്ച് &പാർക്ക് - നിർമ്മാണങ്ങളിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

കേന്ദ്രസർക്കാരിന്റെ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായാണ് തോട്ടപ്പള്ളി സ്പിൽവേയുടെ സമീപത്തായി കുട്ടികളുടെ പാർക്ക് നിർമ്മിച്ചത്. പാർക്കുൾപ്പെടെയുള്ള നിർമ്മാണങ്ങൾക്ക് അനുമതിക്കായി 23.09.13 ൽ ജില്ലാ ടൂറിസം ഓഫീസർ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. എന്നാൽ ജില്ലാ ടൂറിസം ഓഫീസിൽ നിന്നും സമർപ്പിച്ച അപേക്ഷക്കൊപ്പം അനുമതി നൽകുന്നതിന് അവശ്യം വേണ്ട രേഖകൾ ഹാജരാക്കാതിരുന്നതിനാൽ പെർമിറ്റ് നൽകിയില്ല. കേന്ദ്രഗവൺമെന്റ് സഹായത്തോടെയുള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ, പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ തന്നെ നിർമ്മാണങ്ങൾ പൂർത്തിയാക്കി എന്നും അവയ്ക്ക് നമ്പർ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് 05.08.16 ൽ ജില്ലാ ടൂറിസം ഓഫീസർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ഇല്ലാതെ നടത്തിയ നിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്ത് തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചതിന്റെ വിശദാംശം ഫയലിൽ ഇല്ല.

മുൻ റിപ്പോർട്ടിൽ പ്രതിപാദിച്ച വിഷയം ആകയാൽ നിലവിലെ അവസ്ഥ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/27.12.18), നിർമ്മാണം സി.ആർ.ഇസെഡ് മേഖലയിലായതിനാൽ തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിക്കായി 14.03.18ൽ പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ടെന്നും അനുമതി ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. കുട്ടികളുടെ പാർക്ക് നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് എക്സിറ്റ് മീറ്റിംഗിൽ അംഗങ്ങൾ അറിയിച്ചത്. പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിർമ്മാണങ്ങൾ പൂർത്തിയാക്കിയതും ലൈസൻസ് നേടാതെ പാർക്ക് പ്രവർത്തിക്കുന്നതും പഞ്ചായത്ത് രാജ് ചട്ടങ്ങളുടെ ലംഘനമാകയാൽ വിഷയത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഫയലിൽ സ്വീകരിക്കുന്ന തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 ടെൻഡർ ഫീസിനത്തിലുള്ള 32,985/-രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ 2016-17, 2017-18വർഷങ്ങളിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിൽ 32,985/-രൂപ എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ഒടുക്കുവരുത്തിയിരുന്നു. NIC മുഖേന പ്രസ്തുത അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റ് വന്ന ഈ തുക തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ

മുതൽ കൂട്ടേണ്ടതാണെങ്കിലും നാളിതുവരെ ഈയിനത്തിൽ തുകയൊന്നും തിരികെ ലഭിച്ചിട്ടില്ല. അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം തിരികെ ലഭിക്കുവാനുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17 | 22925 |
| 2017-18 | 10060 |
| ആകെ | 32985 |

ഗ്രാമപഞ്ചായത്തിന് അർഹമായ ഈ തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-7 അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പിന് വ്യക്തതയില്ല

2017-18 വർഷം കൺവീനർമാർ മുഖേന നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകുന്നതിലേക്കായി അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ ട്രഷറിയിൽ 799011400002235 നമ്പരായി ഒരു അക്കൗണ്ട് ആരംഭിച്ചിരുന്നു. ടാർ വാങ്ങുന്നതിനായി പിൻവലിച്ച തുക ഈ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആയത് പൂർണ്ണമായും സെക്രട്ടറിയുടെ പേരിൽ പിൻവലിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 07.04.2018ൽ 40072/-രൂപ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായാണ് പാസ്ബുക്കിലെ രേഖ. മിച്ചമുള്ള തുക ഏതിനത്തിലുള്ള തുകയാണെന്നതിന്മേൽ വിശദീകരണം ആരാഞ്ഞുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് "ട്രഷറിയിൽ നിന്നും വ്യക്തത കിട്ടിയശേഷം വിശദീകരണം നൽകാം എന്ന മറുപടിയാണ് അസിസ്റ്റന്റ് എൻജിനീയർ നൽകിയത്. നീക്കിയിരിപ്പ് തുക പഞ്ചായത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പുത്തൻപറമ്പ് നടപ്പാത നിർമ്മാണം - ക്രമവിരുദ്ധമായി ചെലവഴിച്ച 32,536/- രൂപ ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട്

ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ 9-ാം വാർഡിലെ പുത്തൻപറമ്പ് മുതൽ കാവുപറമ്പ് വരെയുള്ള നടവഴി ഇന്റർലോക്ക് ഇടുന്നതിനായി 2017-18 വർഷം നടപ്പാക്കിയ 203000/-രൂപ അടങ്കലുള്ള പ്രവൃത്തിക്കായി നടത്തിയ 32,536/- രൂപയുടെ ക്രമവിരുദ്ധമായ ചെലവ് ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടച്ചു.

08/08/17 ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിയുടെ മെറ്റീരിയൽ കമ്പോണന്റ് 164216/-രൂപയും, ലേബർ കമ്പോണന്റ് 27506/- രൂപയും ഉൾപ്പെടെ ആകെ മൂല്യം 1,91,722/-രൂപയായി നിശ്ചയിച്ചാണ് തുക പിൻവലിച്ചിട്ടുള്ളത്. നടപ്പാതയുടെ 65 മീറ്റർ ഭാഗം 1.3 മീറ്റർ വീതിയിലും, 52 മീറ്റർ ഭാഗം 1.8 മീറ്റർ വീതിയിലും സർഫസ് ഡ്രസ്സ് ചെയ്ത ശേഷം ഇതേ നീളത്തിലും, വീതിയിലും, 35 സെ.മീ കനത്തിലും ഗ്രാവൽ ഫില്ലിംഗും, തുടർന്ന് ഇതേ നീളത്തിലും വീതിയിലും ഇന്റർലോക്ക് പാകലുമാണ് നടത്തിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റിന്റെ 4-ാം ഇനമായി ഇന്റർലോക്ക് ചെയ്ത പാതക്കിരുവശവും 20 സെ.മീ വീതിയിലും 10 സെ.മീ കനത്തിലും 1:2:4 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്യുവാൻ തുക വകയിരുത്തുകയും (@6212.45/M3) 4.68$M^3$ കോൺക്രീറ്റ് നടത്തിയതായി കാണിച്ച് 29074.27/- രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സർഫസ് ഡ്രസ് ചെയ്ത വീതിയിൽ ഗ്രാവൽ ഫില്ലിംഗും, അതേ വീതിയിൽ ഇന്റർലോക്ക് പാകലും നടത്തിയിരിക്കെ പാതക്കിരുവശവും 20 സെ.മീ വീതിയിൽ എഡ്ജ് ബ്ലോക്കു നടത്തുന്നതും, കൂടാതെ 35 സെ.മീ കനത്തിൽ റോഡ് മണ്ണിട്ടുയർത്തിരിക്കെ ഫില്ല് ചെയ്യാത്ത ഭാഗത്ത് 10 സെ.മീ കനത്തിൽ എഡ്ജ് ബ്ലോക്ക് നടത്തുന്നതും പ്രായോഗികമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 29.12.2018 – ൽ

പഞ്ചായത്തിലെ സാങ്കേതിക വിദഗ്ധരുടേയും, അക്രഡിറ്റഡ് എഞ്ചിനീയറുടേയും സാന്നിദ്ധ്യത്തിൽ സൈറ്റ് പരിശോധന നടത്തുകയുണ്ടായി. എന്നാൽ പ്രാദേശിക പരിശോധനയിൽ ഈ നടപ്പാതയുടെ 65 മീറ്റർ ഭാഗത്തിന് 1.3 മീറ്ററും, 52 മീറ്റർ ഭാഗത്തിന് 1.8 മീറ്ററും മാത്രമാണ് ആകെ വീതിയുള്ളതെന്ന് ബോദ്ധ്യപ്പെട്ടു. നടപ്പാതയുടെ മൊത്തം നീളത്തിൽ (ഒരു വശത്ത് 20 മീറ്റർ ഒഴികെ) ഇരുവശത്തും മതിൽ ഉണ്ട്. നടപ്പാതയുടെ 52 മീറ്റർ ഭാഗത്തിന് 1.8 മീറ്ററും, 35 മീറ്റർ ഭാഗത്ത് 1.3 മീറ്ററുമാണ് ആകെ വീതിയെന്നതിനാൽ ഇരുവശത്തുമുള്ള എഡ്ജ് ബ്ലോക്ക് ഉൾപ്പെടെ (ശരാശരി 10 സെ.മീ വീതം) ഇന്റർലോക്ക് ചെയ്തത് മുകളിൽ പ്രതിപാദിച്ച വീതിയിൽ മാത്രമാണെന്ന് ബോദ്ധ്യപ്പെട്ടു. ഇതനുസരിച്ച് ഈ പ്രവൃത്തിക്കായി അധികം അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എ) ഇന്റർലോക്ക് പാകൽ

52x1.60 = 83.2 $M^2$

65x1.10 = 71.5 $M^2$

ആകെ = 154.7 $M^2$

അനുവദനീയമായ തുക – 1547x7691.67 = 118990

അനുവദിച്ച തുക - 178.1x7691.67 = 136988.64

അധികം നൽകിയ തുക – 136988.64 – 118990 =17999/-

ബി) എഡ്ജ് ബ്ലോക്ക്

2x52x0.1x0.1 = 1.04 $M^3$

2x65x0.1x0.1 = 1.3 $M^3$

ആകെ = 2.34 $M^3$

അനുവദനീയമായ തുക – 2.34x6212.45 = 118990

അനുവദിച്ച തുക - 4.68x6212.45 = 29074.27

അധികം നൽകിയ തുക – 29074 – 14537 = 14537/-

ആകെ അധികം നൽകിയ തുക = 17999 + 14537 = 32536/-

അപാകത ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് അധികം ചെലവഴിച്ച 32,536/- രൂപ തിരിച്ചടച്ച് അക്രഡിറ്റ് എഞ്ചിനീയർ രസീത് ഹാജരാക്കി (രസീത് നം. 118020101945/31.12.18) പഞ്ചായത്ത് തനത് ഫണ്ടിൽ ഒടുക്കിയ ഈ തുക തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിൽ തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 വെള്ളക്കരം കുടിശ്ശിക ഇനത്തിൽ ഗ്രാമപഞ്ചായത്തിന് കോടികളുടെ ബാദ്ധ്യത

വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിലേക്ക് അടക്കാനുള്ള തുക 7 കോടി രൂപയ്ക്കു മേലായി വർദ്ധിച്ചത് പഞ്ചായത്തിന് കനത്ത സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നു. 31.07.2017ൽ 45625334 രൂപ മാത്രമായിരുന്ന വെള്ളക്കര കുടിശ്ശിക 31.12.18 ൽ 69480631 രൂപയായും 71366521/- രൂപയായും വർദ്ധിച്ചിട്ടുണ്ട്. നിലവിൽ 1194 ടാപ്പുകൾക്ക് 5250 രൂപ നിരക്കിലാണ് ഒരു മാസത്തെ വെള്ളക്കരം. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകൾ ഇത്രയും ഉണ്ടോ എന്നതിന്മേൽ വാട്ടർ അതോറിറ്റിയും ഉദ്യോഗസ്ഥരുമായി ചേർന്നുള്ള സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ല. ഇതുമൂലം പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുടേയും വെള്ളക്കരം പഞ്ചായത്ത് ഒടുക്കേണ്ടി വരുന്നു.

പഞ്ചായത്ത് നേരിട്ട് അടക്കുന്നതോടൊപ്പം, സർക്കാരിൽ നിന്നും അനുവദിക്കുന്ന വിവിധ ഗ്രാന്റുകളുടെ സ്രോതസ്സിൽ നിന്നും വെള്ളക്കരമിനത്തിൽ കുറവുവരുത്തിയിട്ടുണ്ടെങ്കിലും ഈ കുറവുകൾ പൂർണ്ണമായും വാട്ടർ അതോറിറ്റി പരിഗണിച്ചിട്ടുണ്ടോയെന്ന് മുൻവർഷങ്ങളിലെ രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വെള്ളക്കരം സംബന്ധിച്ച രജിസ്റ്ററോ മറ്റ് കണക്കുകളോ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന തുക അടച്ച് വരികയാണ് ചെയ്യുന്നത്.

ഓഡിറ്റ് വർഷം രണ്ട് തവണയായി 1095805രൂപയും 46195രൂപയും ഉൾപ്പടെ 1142000രൂപ മാത്രമാണ് അടച്ചിട്ടുള്ളത്. വെള്ളക്കരം സമയബന്ധിതമായി അടയ്ക്കുന്നതിൽ അധികൃതർ വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഇപ്രകാരം വെള്ളക്കരം സമയബന്ധിതമായി അടയ്ക്കുന്നതിലുണ്ടായ വീഴ്ച മൂലം ഗ്രാമപഞ്ചായത്തിനു 7 കോടി രൂപയോളം ബാദ്ധ്യത സൃഷ്ടിക്കപ്പെട്ടു. കൂടാതെ കുടിശ്ശികയ്ക്ക് പ്രതിമാസം 2% പലിശയാണ് വാട്ടർ അതോറിറ്റി ഈടാക്കുന്നതെന്നതിനാൽ പഞ്ചായത്തിന്റെ ബാദ്ധ്യത അനുദിനം ഭീമമായ തോതിൽ വർദ്ധിച്ചുവരുന്നു. ഇത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ തന്നെ സാരമായി ബാധിക്കുമെന്നതിനാൽ ഈ വിഷയത്തിൽ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കൂടാതെ പഞ്ചായത്തിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്മേൽ സംയുക്തപരിശോധന നടത്തി വെള്ളക്കരം പുനർനിശ്ചയിക്കുന്നതിനും, കുടിശ്ശിക കുറയ്ക്കുന്നതിനും ആവശ്യമായ സത്വര നടപടി സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

വെള്ളക്കരമിനത്തിൽ തൻവർഷം പിൻവലിച്ച 46195/- രൂപ (ബിൽ നം. 13/24.11.17) വാട്ടർ അതോറിറ്റിയിൽ അടച്ചതിന്റെയോ ബില്ലിൽ കുറവ് ചെയ്തതിന്റെയോ രേഖകൾ ഹാജരാക്കാതിരുന്ന സാഹചര്യത്തിൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 തെരുവ് വിളക്കുകളുടെ വാങ്ങലിലും,സ്ഥാപിക്കലിനും സുതാര്യതയില്ല

ഗ്രാമപഞ്ചായത്തിൽ വിവിധ പ്രോജക്ടുകൾ പ്രകാരം തെരുവ് വിളക്കുകളുടെ വാങ്ങലും പരിപാലനവും നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾ നടപ്പാക്കിയതിലെ പോരായ്മകൾ ചുവടെ ചേർക്കുന്നു.

എ)എസ്.സി കോളനിയിലേക്ക് ട്യൂബ്, ട്യൂബ് സെറ്റ് അനുബന്ധ ഉപകരണങ്ങൾ (S0169/18), പുറക്കാട് ഗ്രാമപഞ്ചായത്ത് ഡബിൾ ട്യൂബ് അനുബന്ധ ഉപകരണങ്ങൾ, റിപ്പയറിംഗ് ആവശ്യമായ ഉപകരണങ്ങൾ എന്നീ പ്രോജക്ടുകൾ പ്രകാരം തെരുവ് വിളക്കുകൾ വാങ്ങുന്നതിനായി ടെന്റർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കിലുള്ള ടെന്റർ സമർപ്പിച്ച തമ്പുരാൻ കാലായിൽ ട്രേഡേഴ്സ് എന്ന സ്ഥാപനം ഹാജരാക്കിയ ടെന്റർ പരിഗണിക്കാതെ കൂടിയ നിരക്ക് രേഖപ്പെടുത്തിയ എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്ന് 176250/- രൂപ (ബിൽ നം. 21/27.01.18) വാങ്ങൽ നടത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലഭിച്ച ടെന്ററുകൾ | ഇനം | നിരക്ക് | രണ്ട് സ്ഥാപനങ്ങളുടെയും ഏറ്റവും കുറഞ്ഞ വിലകൾ തമ്മിലെ വ്യത്യാസം | വാങ്ങിയ ഉപകരണങ്ങളുടെ എണ്ണം | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|
| എഡിസൺ ഇലക്ട്രോണിക്സ് | സിംഗിൾ ട്യൂബ് സെറ്റ് | 975 | 110 | 150 | 16500 |
| | ബെൻഡ് പൈപ്പ്,ബോൾട്ട് | 200 | 80 | 150 | 12000 |
| തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് | സിംഗിൾ ട്യൂബ് സെറ്റ് വിത്ത് ക്രോമ്പ്റ്റൺ ഫില്ലിംഗ്സ് | 865 | | | |
| | ക്ലാംപ്, നട്ട്, ബോൾട്ട് | 120 | | | |
| ആകെ | | | | | 28500 |

20.09.17 ലെ 1(6)-ാം നമ്പർ തീരുമാനത്തിൽ തമ്പുരാൻ കാലായിൽ ട്രേഡേഴ്സ് ഇലക്ട്രോണിക് ഉൽപന്നങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനമാണെന്ന് വ്യക്തമല്ലാത്തതിനാലും രണ്ട് തരം സ്പെസിഫിക്കേഷനിലും വിലയും ഉള്ള ഉപകരണങ്ങൾ ടെന്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാലും പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കിയതായി രേഖപ്പെടുത്തി യിരിക്കുന്നു. ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനോ എണ്ണമോ രേഖപ്പെടുത്താതെയാണ് ടെന്റർ ക്ഷണിച്ചത്. മാത്രമല്ല, തമ്പുരാൻ കാലായിൽ ട്രേഡേഴ്സ് തെരുവ് വിളക്ക് ഉപകരണങ്ങൾ ഉത്പാദിപ്പിക്കുന്ന സ്ഥാപനമാണെന്ന്

ഫയൽ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടുകയും ചെയ്തിരുന്നു. ഇക്കാരണങ്ങളാൽ തമ്പുരാൻ കാലാ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങലിൽ നിന്ന് ഒഴിവാക്കിയത് ക്രമവിരുദ്ധമായ നടപടിയാണ്. ഇക്കാരണത്താൽ അധികം ചെലവഴിച്ച 28500/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ബി) പുറക്കാട് ഗ്രാമപഞ്ചായത്ത് ഡബിൾ ട്യൂബ് സെറ്റ് അനുബന്ധ ഉപകരണങ്ങൾ, റിപ്പയറിംഗ് ആവശ്യമായ ഉപകരണങ്ങൾ (പ്രോജക്ട്നം . 95/18)

| എഡിസൺ ഇലക്ട്രിക്കൽസ് | | | തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് | | വാങ്ങിയ ഉപകരണങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| ഉപകരണങ്ങൾ | നിരക്ക് | നെഗോഷ്യേറ്റ് ചെയ്ത നിരക്ക് | ഉപകരണങ്ങൾ | നിരക്ക് | |
| ഡബിൾ ട്യൂബ് സെറ്റ് | 1398.31 | 1395 | ഡബിൾ ട്യൂബ് സെറ്റ് | 1491 | 90 |
| സിംഗിൾ ട്യൂബ് സെറ്റ് | 1066 | 1065 | സിംഗിൾ ട്യൂബ് സെറ്റ് | 949 | 180 |
| 1.5 sqmm അലുമിനിയം വയർ | 220 | | അലുമിനിയം വയർ | 274 | 36 coil |
| ക്ലാംപ് | 211.86 | 210 | ക്ലാംപ് | 169 | 400 |
| ചോക്ക് | 108.47 | 108.47 | ചോക്ക് | 119 | 1800 |
| സ്റ്റാർട്ടർ | 6.78 | 6.500 | സ്റ്റാർട്ടർ | 7.90 | 1500 |
| ട്യൂബ് | 28.60 | 28.60 | ട്യൂബ് | 30.50 | 1350 |
| സൈഡ് ഹോൾഡർ | 5.51 | 5.51 | സൈഡ് ഹോൾഡർ | 6.75 | 1800 |

മേൽ സ്ഥാപനങ്ങൾ കൂടാതെ മറ്റ് രണ്ട് സ്ഥാപനങ്ങളും ടെന്ററുകൾ സമർപ്പിച്ചിരുന്നു. എന്നാൽ തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സിനെ ഒഴിവാക്കിയാണ് ഉപകരണങ്ങളുടെ വില താരതമ്യം ചെയ്തതും വാങ്ങൽ നടത്തിയതും. തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സിന്റെ ടെന്ററിൽ മതിയായ രേഖപ്പെടുത്തലുകളില്ലാത്തതിനാൽ ടെന്റർ നിരസിക്കുന്നതായി 29.11.17 ലെ കമ്മറ്റി തീരുമാനിച്ചിരുന്നു (തീരുമാനം.1(3). എന്നാൽ എന്ത് രേഖകളാണ് ഹാജരാക്കാതിരുന്നത് എന്ന് തീരുമാനത്തിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വ്യക്തമായ കാരണങ്ങളില്ലാതെ ടെന്റർ നിരസിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ടെന്റർ ക്ഷണിച്ചതിൽ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ, എണ്ണം എന്നിവ രേഖപ്പെടുത്തിയിരുന്നില്ല. എഡിസൺ എന്ന സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്ത് ഉപകരങ്ങൾ വാങ്ങിയതിന്റെ ആകെ വിലയായ 781979/- രൂപയിൽ 479335/- രൂപ (ബിൽ നം. 33/20.3.18) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സിൽ നിന്ന് വാങ്ങൽ നടത്തിയിരുന്നുവെങ്കിൽ 780982/- രൂപ മാത്രമേ ചെലവാകുമായിരുന്നുള്ളൂ. രണ്ട് സ്ഥാപനങ്ങളുടെയും ആകെ വില തമ്മിൽ 997 രൂപയുടെ വ്യത്യാസമുണ്ട്. അധികം ചെലവഴിച്ച തുക തിരികെ അടയ്ക്കേണ്ടതാണ്.

മേൽ പ്രോജക്ടുകൾ പ്രകാരം തെരുവ് വിളക്കുകൾ മെമ്പർമാർ കൈപ്പറ്റിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബിയിൽ സൂപ്പർവിഷൻ ചാർജ്ജ് അടയ്ക്കുകയോ എത്ര ലൈറ്റുകൾ സ്ഥാപിച്ചു എന്നുള്ള സാക്ഷ്യപത്രം വാങ്ങുകയോ ചെയ്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഡബിൾ ട്യൂബ് സെറ്റുകളും അനുബന്ധ ഉപകരണങ്ങളും പൂർണ്ണമായി വിതരണം ചെയ്തിട്ടില്ലായെന്ന് കാണുന്നു. ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്യാതിരുന്നതിന് കാരണവും, മിച്ചമുള്ളവ എവിടെ സൂക്ഷിച്ചിരിക്കുന്നു എന്ന് ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയില്ല. ഇക്കാരണത്താൽ രണ്ട് പ്രോജക്ടുകൾക്കുമായി ആകെ ചെലവഴിച്ച 655585/- രൂപയിൽ മേൽ പരാമർശങ്ങളിലായി ആകെ നിരാകരിച്ച 29497/- രൂപ കഴിച്ചുള്ള 626088/- രൂപ തടസ്സപ്പെടുത്തുന്നു.

II) <u>കെ.എസ്.ഇ.ബിയുടെ അനുവാദമില്ലാതെ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചു</u>

തെരുവ് വിളക്ക് പരിപാലനം (സ്പിൽ ഓവർ) (S0004/18), തെരുവ് വിളക്ക് പരിപാലനം (പുതിയത്) (S0076/18) എന്നീ പ്രോജക്ടുകൾ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യതിനും പ്രകാരം റിപ്പയർ ചെയ്യതും പുതുതായി സ്ഥാപിച്ചതുമായ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പയർ | | പുതിയത് | | റിപ്പയർ | പുതിയത് |
|---|---|---|---|---|---|
| സിംഗിൾ ട്യൂബ് സെറ്റ് | ഡബിൾ ട്യൂബ് സെറ്റ് | ഡബിൾ ട്യൂബ് സെറ്റ് | എൽ.ഇ.ഡി | സി.എഫ്. എൽ | സി.എഫ്. എൽ |
| 423 | 255 | 39 | 132 | 4 | 9 |

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം സിംഗിൾ ട്യൂബ് സെറ്റ് 1355 എണ്ണവും ഫ്ലൂറസെന്റ് ലാംപ് 1350 എണ്ണവും ഡബിൾ ട്യൂബ് സെറ്റ് 90 എണ്ണവും വാങ്ങിയിട്ടുണ്ട്. മേൽ പട്ടികയിൽ ചേർത്തിട്ടുള്ള കണക്കുകളനുസരിച്ച് സിംഗിൾ ട്യൂബ്സെറ്റുകൾ, ഫ്ലൂറസെന്റ് ലാംപുകൾ എന്നിവ പൂർണ്ണമായി ഉപയോഗിച്ചിട്ടില്ലായെന്നും ഡബിൾ ട്യൂബ്സെറ്റുകൾ വാങ്ങിയതിനേക്കാൾ കൂടുതൽ ഉപയോഗിച്ചതായും കാണുന്നു. 2016-17, 2017-18 വർഷങ്ങളിലായി നടപ്പാക്കിയ തെരുവ് വിളക്ക് സ്ഥാപിച്ചതിനുള്ള തുകയാണ് നൽകിയിട്ടുള്ളത് എങ്കിലും വർഷം തിരിച്ചുള്ള കണക്കുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഉപകരണങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബിയിൽ ഇൻസ്റ്റലേഷൻ ചാർജ്ജ് അടയ്ക്കുകയോ തെരുവ് വിളക്കുകൾ സ്ഥാപിച്ചതായുള്ള സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല. പ്രവർത്തി ഏറ്റെടുത്ത കരാറുകാരൻ അംഗീകൃത കരാറുകാരനാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (2) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കുലർ നം. പ്രകാരം കെ. എസ്.ഇ.ബിയുടെ അറിവോ സമ്മതമോ ഇല്ലാതെ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുന്നത് കുറ്റകരമാണ്. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ തെരുവ് വിളക്ക് റിപ്പയറിംഗിനായി ചെലവഴിച്ച 244028/- രൂപ (ബിൽ നം.17/16.1.18-91919 രൂപ, ബിൽ നം. 18/16.1.18- 152109 രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 എസ്.സി കുട്ടികൾക്കായി സൈക്കിൾ വാങ്ങൽ- കുറഞ്ഞ ടെന്റർ ഒഴിവാക്കി വാങ്ങൽ നടത്തി

അസിസ്റ്റന്റ് സെക്രട്ടറി മുഖേന നടപ്പാക്കിയ എസ്.സി കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ (S0127/18) പ്രോജക്ട് പ്രകാരം കുറഞ്ഞ നിരക്ക് ഒഴിവാക്കിയാണ് വാങ്ങൽ നടത്തിയത്. 11 ലേഡീസ് സൈക്കിളുകൾ 4850 രൂപ നിരക്കിലും 9 ബോയ്സ് സൈക്കിളുകൾ 4795 രൂപ നിരക്കിലും ദി സൈക്കിൾ & മോട്ടോർ ട്രേഡേഴ്സ് പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയത്. സൈക്കിൾ വാങ്ങുന്നതിന് ആകെ 96505 രൂപ (ബിൽ നം. 20/26.3.18) യാണ് ചെലവഴിച്ചത്. ആദ്യം ടെന്റർ ക്ഷണിച്ചതിൽ ടെന്ററുകൾ ലഭിക്കാതിരുന്നതിനാൽ റിടെന്റർ ചെയ്തതായും റി ടെന്റർ ചെയ്തതിൽ ദി സൈക്കിൾ & മോട്ടോർ ട്രേഡേഴ്സ് പത്തനംതിട്ട എന്ന സ്ഥാപനം സമർപ്പിച്ച നിരക്കുകളിൽ നിന്ന് ഹീറോ കമ്പനിയുടെ സൈക്കിളുകൾ വാങ്ങുന്നതിനും 20.9.17 ലെ 2(3)- ാം നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം സമർപ്പിച്ച ക്വട്ടേഷനോടൊപ്പം 4 കമ്പനികളുടെ നിരക്കുകൾ സമർപ്പിച്ചിരുന്നു. ഇവയിൽ DNS സിൽവർ സ്റ്റാർ, ഭോഗൽ ഡി.എൻ.എസ് എന്നീ സ്ഥാപനങ്ങളുടേത് ഹീറോ കമ്പനിയുടെ സൈക്കിളുകളേക്കാൾ കുറഞ്ഞ നിരക്കിലുള്ളവയാണ്. DNS സിൽവർ സ്റ്റാർ ബോയ് സൈക്കിളിന് 4000 രൂപയും DNS സിൽവർ സ്റ്റാർ ലേഡി സൈക്കിളിന് 4240 രൂപയും ഭോഗൽ ഡി.എൻ.എസ് ബോയ് സൈക്കിളിന് 4490 രൂപയും ഭോഗൽ ഡി.എൻ.എസ് ലേഡി സൈക്കിളിന് 4690 രൂപയുമാണ് വില. കുറഞ്ഞ നിരക്കിലുള്ള സൈക്കിളുകൾ ഒഴിവാക്കി വാങ്ങൽ നടത്തിയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (11/26.12.18) നൽകിയിരുന്നെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയില്ല. കുറഞ്ഞ നിരക്കിലുള്ള സൈക്കിളുകൾ വാങ്ങാതിരുന്നതിനാൽ സംഭവിച്ച നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | നിരക്ക് | | വാങ്ങിയ എണ്ണം | | ചെലവഴിച്ചതുക | കുറഞ്ഞ നിരക്കിലുള്ള സൈക്കിൾ വാങ്ങുമായിരുന്നെങ്കിൽ ചെലവഴിക്കാമായിരുന്ന തുക | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|
| | ബോയ്സ് സൈക്കിൾ | ലേഡി സൈക്കിൾ | ബോയ്സ് സൈക്കിൾ | ലേഡി സൈക്കിൾ | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| ഹീറോ സൈക്കിൾ | 4795 | 4850 | 9 | 11 | 96505 | 82640 | 13865 |
| DNS സിൽവർ സ്റ്റാർ സൈക്കിൾ | 4000 | 4240 | | | | | |

അധികം ചെലവഴിച്ച തുക 20.09.17 ലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. കൂടാതെ ഗുണഭോക്താക്കൾക്ക് സൈക്കിൾ നൽകിയിട്ടില്ല എന്ന് പട്ടിക ജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇക്കാരണത്താൽ നിരാകരിച്ച തുക കഴിച്ചുള്ള 82640/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 ഗവൺമെന്റ് ഐ.റ്റി.ഐ പുറക്കാട് - കെട്ടിട വാടക ഗ്രാമപഞ്ചായത്തിനു സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നു

2017 -18 വർഷം ഗ്രാമപഞ്ചായത്തു സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 'ഐ.റ്റി .ഐ കെട്ടിടത്തിനു വാടക കുടിശ്ശിക ' എന്ന പദ്ധതിയിലുൾപ്പെടുത്തി 190209/- രൂപ ചെലവഴിച്ചിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ലേബർ & റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റിന്റെ, ജി.ഒ (എം.എസ്)/107/2008/എൽ.ബി.ആർ തീയതി:08-08-2008 പ്രകാരമാണ് ഗ്രാമപഞ്ചായത്തിനു ഐ.റ്റി.ഐ അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ ഐ.റ്റി.ഐ തുടങ്ങുന്നതിനാവശ്യമായ സ്ഥലം, കെട്ടിടം, ഫർണിച്ചർ എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം നൽകണം എന്നു പരാമർശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ലീബമോൾ എന്ന വ്യക്തിയുടെ XI -5F, 5C എന്നീ കെട്ടിടങ്ങൾ പ്രതിമാസം 10011 വാടക എന്ന ക്രമത്തിലും, ഷീബ എന്ന വ്യക്തിയുടെ XI-28A എന്ന കെട്ടിടം പ്രതിമാസം 5503 രൂപ ക്രമത്തിലും ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത് ഐ.റ്റി .ഐ യ്ക്ക നൽകിയിട്ടുണ്ട്. ആയതിന്റെ വാടക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത്. തുടർന്ന് 02-01-2013 ലെ III(6) പ്രകാരം, പ്രതിവർഷം 2 ലക്ഷം രൂപ വാടക വരുന്നതിനാലും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാലും ഐ.റ്റി.ഐ കെട്ടിടത്തിന്റെ വാടക ജില്ലാ പഞ്ചായത്തിൽ നിന്നും നൽകുന്നതിനു തദ്ദേശ സ്വയംഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നതിനു ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു. തുടർ നടപടികളുടെ വിവരം ലഭ്യമല്ല.

പുറക്കാട് വില്ലേജിൽ ബ്ളോക്ക് 19 ൽ റീസർവ്വെ നം 34 /19 ൽ ഉൾപ്പെട്ട് 25.10 ആർസ് സ്ഥലവും ഐ.റ്റി.ഐ കെട്ടിട നിർമ്മാണത്തിനായി വിട്ടു നൽകുന്നതിനു 21/12 /13 ലെ III (13) ലെ ഗ്രാമപഞ്ചായത്തു കമ്മറ്റി തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച നടപടികൾ നാളിതു വരെയും പൂർത്തീകരിച്ചിട്ടില്ല.നിലവിൽ ഉപയോഗിച്ചു വരുന്ന കെട്ടിടങ്ങളുടെ 07/13 മുതൽ 07/17 വരെയുള്ള വാടക കുടിശ്ശിക ഇനത്തിൽ ഏകദേശം 8 ലക്ഷം രൂപയോളം പഞ്ചായത്തിനു ബാധ്യത ഉണ്ടായിരുന്നതിൽ പ്രോജക്ട് നമ്പർ 03/18 അനുസരിച്ച് 2017-18 ൽ ചെലവഴിച്ച 190209/- രൂപ മാത്രമാണ് കുറവു വന്നിട്ടുള്ളത്. ഗ്രാമപഞ്ചായത്തിനു തനതു വരുമാനം കുറവായതിനാലും, ഐ.റ്റി .ഐ കളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്തതിനാലും, വാടക ഇനത്തിലുള്ള കുടിശ്ശിക ഗണ്യമായി വർദ്ധിച്ചിട്ടുള്ളതിനാലും ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടിയിരുന്നു. കാലതാമസത്തിനുള്ള കാരണങ്ങൾ ആരാഞ്ഞുള്ള ആഡിറ്റ് അന്വേഷണത്തിനു (എൻക്വയറി നം.7/27.12.18) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥാപനത്തിന്റെ വാടക ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനു 2013 ൽ തീരുമാനം എടുത്തെങ്കിലും തുടർ നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കാതിരുന്നതു കാരണം കുടിശ്ശിക ഇനത്തിലുള്ള ബാധ്യത ഗണ്യമായി വർദ്ധിക്കുന്നതിനു ഇടയാക്കി. സ്ഥലം വിട്ടു നൽകുന്നതിനുള്ള നടപടി പൂർത്തീകരിക്കുന്നതിനും കെട്ടിട വാടക സംബന്ധിച്ച ചെലവുകൾ ജില്ലാപഞ്ചായത്തിനു കൈമാറുന്നതിനുള്ള ഗ്രാമപഞ്ചായത്തിന്റെ തീരുമാനം നടപ്പിലാക്കുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 അഗതി-ആശ്രയ പദ്ധതി -- മുൻവർഷങ്ങളിൽ ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ച വികസന ഫണ്ടിൽ 487500 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

അഗതി-ആശ്രയ അക്കൗണ്ടിൽ 31-03-18 ൽ 1950405/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 487500/- രൂപ മുൻ വർഷങ്ങളിൽ ലഭിച്ചതും ചെലവഴിക്കാൻ ബാക്കിയുള്ളതുമായ വികസന ഫണ്ടാണ്. ചെലവഴിക്കാതെ നിൽക്കുന്ന തുക

ആശ്രയ ഗുണഭോക്താക്കൾക്ക വിവിധ സേവനങ്ങൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും 2007-08 മുതലുള്ള കാലയളവിൽ നിക്ഷേപിക്കപ്പെട്ട തുകകളാണ്. ചെലവഴിക്കാൻ ബാക്കിയുള്ള തുക സംബന്ധിച്ച ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

1. 45000/- രൂപ 2008-09 ൽ ഭൂമി വാങ്ങലിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക നാളിതു വരെയും ചെലവഴിച്ചില്ല. മറ്റൊരു ഗുണഭോക്താവിനെ കണ്ടെത്തി ലഭിച്ച തുക നാളിതുവരെയും ചെലവഴിച്ചിട്ടില്ലാത്തതിനാൽ 45000/- രൂപ തിരികെ അടവാക്കേണ്ടതാണ്.
2. ലീല, ചമ്മംകോടം, വാർഡ് -11 എന്ന ഗുണഭോക്താവ് 2013-14 ൽ ഭവന നിർമ്മാണം ആരംഭിച്ചു. 4 ഗഡുക്കളിലായി 200000 ADS സെക്രട്ടറിമാർ കൈപ്പറ്റിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു 50000 രൂപ നൽകിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും അവസാന ഗഡു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് നൽകിയ മറുപടി.
3. ശാന്തമ്മ, കൊച്ചു പറമ്പ്, വാർഡ് -7 എന്ന ഗുണഭോക്താവ് 2013-14 ൽ ഭവന നിർമ്മാണം ആരംഭിച്ചു. 3 ഗഡുക്കളിലായി 175000 രൂപ നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു 75000 രൂപ നൽകിയിട്ടില്ല. വീടിന്റെ വാർപ്പ് കഴിഞ്ഞിട്ടുള്ളതാണെന്നും അടുത്ത ഗഡുക്കൾ നൽകുന്നതുമാണെന്നാണ് ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് നൽകിയ മറുപടി. 2013-14 ൽ ആരംഭിച്ച ഭവന നിർമ്മാണം നാളിതുവരെയും പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്.
4. മേൽ വിവരിച്ച തുകകൾ കിഴിച്ച് 317500 രൂപയും (487500 -170000) ചെലവഴിക്കാതെ നിലനിൽക്കുന്നു. ടി തുക 2007-08 ൽ ഗ്രാമപഞ്ചായത്ത് ഭക്ഷണത്തിനും ഭവന നിർമ്മാണത്തിനുമായി 540000/- രൂപ നൽകിയതിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകയാണ്. ടി തുക അടിയന്തിരമായി നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ചെലവഴിക്കേണ്ടതും ആയതിനു സാധിക്കാത്ത പക്ഷം തിരികെ അടവാക്കേണ്ടതാണ്.

മേൽ വിവരിച്ചതിൽ നിന്നും ആശ്രയ പദ്ധതികളുടെ നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും സജീവമായ ഇടപെടൽ ഉണ്ടാകുന്നില്ല എന്നാണ് വ്യക്തമാകുന്നത്. ആയതിനാൽ മേൽ വിഷയങ്ങളിൽ അടിയന്തിരമായി ഇടപെടൽ നടത്തി പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 3-7 പ്രവർത്തിക്കാത്ത മത്സ്യലേലഹാളിലേക്ക് ഫർണിച്ചർ വാങ്ങി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മത്സ്യലേലഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ (പ്രോജക്ട് നം. S0189/18) പ്രോജക്ട് പ്രകാരം ഫർണിച്ചർ വാങ്ങുന്നതിന് ടെന്റർ ക്ഷണിച്ച് മെഗാ എഞ്ചിനീയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് 49800/- രൂപയുടെ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മത്സ്യ ലേലഹാൾ പ്രവർത്തിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/26.12.18) ഹാജരാക്കിയ മറുപടിയിൽ "കെട്ടിടം സൗകര്യപ്രദമല്ലാത്ത തിനാൽ വർഷങ്ങളായി ലേലഹാൾ പ്രവർത്തിക്കുന്നില്ലായെന്നും മത്സ്യ ലേലഹാൾ കെട്ടിടം പുനരുദ്ധരിക്കുന്നതിനായുള്ള പ്രോജക്ട് അംഗീകരിച്ചിരുന്നെങ്കിലും ആയത് നടപ്പാക്കിയില്ലായെന്നും അതിനാൽ വാങ്ങിയ ഫർണിച്ചറുകൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതായും" മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ലേലഹാളായി പ്രവർത്തിക്കത്തക്ക രീതിയിൽ കെട്ടിടം സൗകര്യപ്രദമാക്കാതെ ഫർണിച്ചറുകൾ വാങ്ങിയത് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ഇക്കാരണത്താൽ ആവശ്യകത നിർണ്ണയിക്കാതെ ഫർണിച്ചറുകൾ വാങ്ങുവാൻ വേണ്ടി ചെലവഴിച്ച 49800/- രൂപ (ബിൽ നം.22/27.2.18) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-8 എഗ്രിമെന്റ് വച്ച് നിർവ്വഹണ ചുമതല ഏൽപ്പിച്ച പ്രവർത്തികൾ ആരംഭിച്ചിട്ടില്ല

2017-18 വർഷം അംഗീകാരം വാങ്ങിയ താഴെപ്പറയുന്ന മരാമത്തു പ്രവൃത്തികളുടെ നിർവ്വഹണം കരാറുകാരെ/കൺവീനറെ ഏൽപ്പിച്ച് എഗ്രിമെന്റ് വച്ചുവെങ്കിലും നാളിതുവരെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേരും പ്രോജക്ട് നമ്പരും | കരാറുകാരന്റെ/ കൺവീനറുടെ പേര് | അടങ്കൽ | എഗ്രിമെന്റ് നം./ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | വലിയ കിഴക്കേതിൽ തോടിന്റെ മുട്ടും ളുമ്പും (പ്രോജക്ട് നം. 135/18) | സജിമോൻ.ആർ. (കരാറുകാരൻ) | 200000 | 40/21.03.18 |
| 2 | കരീച്ചിറ കോളനി മണ്ണിട്ടുയർത്തൽ, സംരക്ഷണഭിത്തി കെട്ടൽ (142/18) | ഇസ്മയിൽ.എച്ച്. (കരാറുകാരൻ) | 200000 | 15/14.12.17 |
| 3 | ആനച്ചിറ അച്ചന്റെ പറമ്പ് റോഡ് കോൺക്രീറ്റിംഗ് (148/18) | രഞ്ജിത (കൺവീനർ) | 50000 | 41/21.03.18 |

എഗ്രിമെന്റ് വച്ച പ്രവൃത്തികൾ ആരംഭിക്കാതിരിക്കുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/28.12.18) ആരംഭിക്കാത്ത മൂന്ന് പ്രവൃത്തികളെ സംബന്ധിച്ച് അതാത് കോൺട്രാക്ടർമാരേയും, ബന്ധപ്പെട്ട വാർഡു മെമ്പർമാരേയും പലതവണ അറിയിക്കുകയും, കോൺട്രാക്ടർമാർക്ക് രേഖാമൂലം നോട്ടീസ് നൽകുകയും ചെയ്തുവെന്നും, ഇതുസംബന്ധിച്ച് സ്വീകരിക്കേണ്ട തുടർനടപടികളുടെ തീരുമാനത്തിനായി പഞ്ചായത്തു കമ്മിറ്റിക്ക് അറിയിപ്പ് നൽകുന്നതാണെന്നും അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി. പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിക്കുന്ന തിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കുന്നതിനും, അല്ലാത്തപക്ഷം കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തികൾ പുനർ ക്രമീകരിക്കുന്നതിനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 പഞ്ചായത്ത് വാങ്ങി നൽകിയ ടാറിന്റെ ബാരൽ വില ഈടാക്കിയില്ല

2017-18 വർഷം നടപ്പാക്കിയ "എൻ.എച്ച്.ബോട്ട് ജട്ടി റോഡ് ടാറിംഗ്" (പ്രോജക്ട് നം. 174/17) എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിനായി ഗുണഭോക്തൃസമിതി കൺവീനർ ശ്രീ.എസ്.പ്രിൻസിന് ടാറും, എമൽഷനും പഞ്ചായത്തിൽ നിന്നും വാങ്ങി നൽകിയിരുന്നു (11 ബാരൽ). 6/2017ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വിലയിനത്തിൽ 2750/-രൂപ കുറവു ചെയ്യേണ്ടതായിരുന്നുവെങ്കിലും (@238+5% വാറ്റ്) ആയത് ഈടാക്കാതെയാണ് കൺവീനർക്ക് ബിൽ തുക നൽകിയത്. ഇതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/28.12.18) ബാരൽ വില കൺവീനറിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി. അധിക ചെലവായ 2750/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് കൺവീനറിൽ നിന്നും ഈടാക്കി തിരിച്ചടക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കുന്നതാണ് (പ്രവൃത്തിക്കായി പിൻവലിച്ച തുകയുടെ ട്രഷറി ബിൽ നം. 18/23.08.17).

## 3-10 പഠനമുറി നിർമ്മാണം - ഓഡിറ്റ് വർഷം വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖകളില്ലാതെ ആനുകൂല്യം നൽകി

എസ്.സി കുട്ടികൾക്ക് പഠന മുറി നിർമ്മാണം സ്പിൽ ഓവർ പ്രോജക്ട് പ്രകാരം വാർഡ് 6 ലെ രാധാകൃഷ്ണൻ, പത്തിൽചിറ, പുറക്കാട് എന്ന വ്യക്തിക്ക് 100000/- രൂപ (2016-17, 2017-18 വർഷങ്ങളിലായി 50000 രൂപ വീതം) ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ മകൾ ആര്യാകൃഷ്ണൻ. R, 2014-15 വർഷം +1 വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. 2015-16 ലെ +2 പഠനത്തിന് ശേഷം തുടർന്ന് 2016-17 വർഷം പഠനം നടത്തുന്നതായി വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.11/26.12.18) നൽകിയിരുന്നെങ്കിലും രേഖകൾ ഹാജരാക്കാതിരുന്നതിനാൽ തൻവർഷം ചെലവഴിച്ച 50000 രൂപ (ബിൽ നം.4/02.11.17) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 വയോജനങ്ങൾക്ക് കട്ടിൽ - അപേക്ഷകൾ, വിതരണ രേഖകൾ എന്നിവ ഹാജരാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ പ്രോജക്ടുകൾ

പ്രകാരം കട്ടിലുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ അപേക്ഷകളോ വിതരണ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം | യൂണിറ്റ് നിരക്ക് | ചെലവഴിച്ച തുക | ബിൽ നം./ തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| എസ്.റ്റി വയോജനങ്ങൾക്ക് കട്ടിൽ, S0089/18 | 3 | 4325 | 12975 | 8/11.1.18 | 4 ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നുവെങ്കിലും ഒരാളുടെ മാത്രം അപേക്ഷയും കൈപ്പറ്റ് രസീതും മാത്രമാണ് ഹാജരാക്കിയത് |
| എസ്.സി വയോജനങ്ങൾക്ക് കട്ടിൽ (S008/18) (സ്പിൽ ഓവർ പ്രോജക്ട്) | 35 | 3450 | 120750 | 3/30.06.17 | ഇല്ല |
| ആകെ | | | 133725 | | |

കട്ടിൽ വിതരണവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.11/26.12.18) നൽകിയിരുന്നെങ്കിലും രേഖകൾ ഹാജരാക്കാതിരുന്നതിനാൽ 133725/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 സ്വന്തമായി ഭൂമിയുണ്ടെന്നുള്ള രേഖകളില്ലാതെ പി.വി.സി വാട്ടർ ടാങ്കുകൾ നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.റ്റി വിഭാഗക്കാർക്ക് പി.വി.സി വാട്ടർ ടാങ്ക് (S0158/18) പ്രോജക്ട് പ്രകാരം വാട്ടർ ടാങ്കുകൾ കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് സ്വന്തമായി ഭൂമിയുണ്ടെന്നതിന് രേഖകൾ ഇല്ല. 5 വാട്ടർ ടാങ്കുകൾ 3000 രൂപ നിരക്കിൽ മാളിയാക്കൽ ഇലക്ട്രിക്കൽസ് & സാനിട്ടറി വെയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട് . 11250 രൂപ (ബിൽ നം.6/22.11.17) വികസന ഫണ്ടും 3750 രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പടെ 15000 രൂപയാണ് ആകെ ചെലവ്. ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പം ഭൂമിയുടെ കരം അടച്ച രസീത് സൂക്ഷിച്ചിട്ടില്ല. ഭൂമിയുടെ കരം അടച്ച രസീത് ഹാജരാക്കണമെന്നാവശ്യപ്പെട്ടും ഗുണഭോക്താക്കൾ വാട്ടർ ടാങ്കുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്നതിന് വിശദീകരണം ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് യാതൊരു മറുപടിയും ഹാജരാക്കിയിട്ടില്ലാത്തതിനാൽ 15000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ഭവന പുനരുദ്ധാരണ പദ്ധതികൾ - സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

2017-18 വർഷം വി.ഇ.ഓ. നിർവ്വഹണ ഉദ്യോഗസ്ഥനായി 5 ഭവന പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ, വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണമെന്നും, പണി പൂർത്തീകരിച്ച ശേഷം എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം വാല്യുവേഷൻ നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതികളുമായി ബന്ധപ്പെട്ട് ഹാജരാക്കിയ എസ്റ്റിമേറ്റുകളിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തികൾ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. ആവശ്യമുള്ള സാധനങ്ങൾ, പണിക്കൂലി എന്നീ വിവരങ്ങൾ മാത്രം രേഖപ്പെടുത്തിയിട്ടുള്ള ഭാഗികമായ എസ്റ്റിമേറ്റുകളാണ് ഉടമസ്ഥർ തയ്യാറാക്കിയിട്ടുള്ളത്.

എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നൽകിയിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിലും പൂർത്തീകരിച്ച പ്രവർത്തികൾ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. ചെലവായ ആകെ തുക മാത്രമാണ് വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ടിലും ചെയ്ത പ്രവർത്തികൾ സംബന്ധിച്ച വിശദ വിവരം ഉൾപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കൾ നടത്തിയ പ്രവർത്തികൾ, അവയുടെ അളവുകൾ എന്നീ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ മൂല്യനിർണ്ണയ തുകകളുടെ ആധികാരികതയും ഉറപ്പാക്കാൻ സാധിക്കുന്നില്ല.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 5 / 26-12-18), പ്രവർത്തികൾ പരിശോധിച്ച ബോധ്യപ്പെട്ട ശേഷമാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും, ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിച്ച്

മേലിൽ പദ്ധതികൾ നടപ്പിലാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതിനു ശ്രദ്ധ ചെലുത്തേണ്ടതാണ്. വിഷയത്തിലേക്കു ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

വിവിധ ഡെപ്പോസിറ്റ് പ്രവർത്തികൾ നടപ്പാക്കുന്നതിന് നിർവ്വഹണ ഏജൻസികളിൽ അടച്ചിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | സ്ഥാപനം | ചെലവഴിച്ച തുക | ബിൽ നം./തീയതി | റിമാർക്സ് |
|---|---|---|---|---|
| വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (S0097/18) | കെ.എസ്.ഇ.ബി | 180000<br>412641 | 15/6.12.17-1653207<br>25/27.2.18-146793<br>1134887/28.3.18-76900<br>1134888/28.3.18-197148<br>1134889/28.3.18-134316<br>1134890/31.3.18-4277 | ഇല്ല |
| ആർ.ഒ പ്ലാന്റ് നിർമ്മാണം (S0096/18) | വാട്ടർ അതോറിറ്റി | 550000 | 16/6.12.17-500000<br>27/8.3.18-50000 | വാട്ടർ അതോറിറ്റിയു മായി കരാർ ചമച്ചിട്ടില്ല |
| സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 7 (S0168/18) | കെ.എസ്.ഇ.ബി | 148226 | 23/27.2.18 | കെ.എസ്.ഇ.ബി യുമായി കരാർ ചമച്ചിട്ടില്ല |
| ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കൽ (S0098/18) | കെ.എസ്.ഇ.ബി | 10659 | 24/27.2.18 | കെ.എസ്.ഇ.ബി യുമായി കരാർ ചമച്ചിട്ടില്ല |
| | കെ.എസ്.ഇ.ബി | 7939 | 26/8.3.18 | കെ.എസ്.ഇ.ബിയുമായി കരാർ ചമച്ചിട്ടില്ല |
| | കെ.എസ്.ഇ.ബി | 46305 | 34/21.3.18 | കെ.എസ്.ഇ.ബി യുമായി കരാർ ചമച്ചിട്ടില്ല |
| ആകെ | | 1355770 | | |

വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 1355770/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 മഴക്കാല പൂർവ്വ ശുചീകരണം - നൽകിയ തുക ചെലവഴിച്ചില്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായി 18 വാർഡുകൾക്ക് അനുവദിച്ച 34020/-(1890/- രൂപ വീതം) (ചെക്ക് നമ്പർ 244907/20.01.18) രൂപയിൽ ഒന്ന്, രണ്ട്, മൂന്ന്, പതിനെട്ട് വാർഡുകൾക്ക് അനുവദിച്ച തുക ഇതുവരെയും ചെലവഴിച്ചിട്ടില്ല. സാനിട്ടേഷൻ സമിതി കൺവീനർമാരുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയത്. തുക ചെലവഴിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗിൽ മെഡിക്കൽ ഓഫീസർ അറിയിച്ചു. തുക ചെലവഴിച്ച് മറുപടി നൽകേണ്ടതാണ്.

## 3-16 ലോഗ് ബുക്കിലെ അപാകതകൾ

KL-04-AB-7007 മഹീന്ദ്രാ സൈലോ എസി വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ കണ്ട അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1.പ്രതിമാസ ഇന്ധന ഉപഭോഗത്തിന്റെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.വാഹനത്തിന്റെ ഇന്ധന ഉപഭോഗം 18.04.16 ന് ശേഷം പരിശോധിച്ചിട്ടില്ല.

3. വാഹനത്തിന്റെ റിപ്പയർ, ഇന്ധന രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല .

4. റിപ്പയർ വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ - നൽകിയ മുഴുവൻ തുകക്കു മരുന്നുകൾ ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹിച്ച പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം. 81/18.) പദ്ധതിയിൽ കെ.എം.എസ്.സി.എൽ ന് നൽകിയ മുഴുവൻ തുകക്കുമുള്ള മരുന്നുകൾ ലഭിച്ചില്ല. നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽനമ്പർ, തീയതി. | തുക |
|---|---|
| 03/17-18 തീയതി. 25.11.17 | 37,011/- |
| 04/17-18 തീയതി. 21.12.17 | 1,42,989/- |
| ആകെ | 1,80,000/- |

1,80,000/- രൂപയിൽ 1,11,025/-രൂപക്കുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള മരുന്നുകൾ ലഭിക്കാനായി സ്വീകരിച്ച നടപടികളുടെ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/26.12.2018) മരുന്നുകളുടെ വിതരണം ഉടൻ പൂർത്തിയാക്കുമെന്ന് കെ.എം.എസ്.സി.എൽ അറിയിച്ചുവെന്ന് മറുപടി നൽകി. മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ ബാക്കിയുള്ള 68975/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച

പഞ്ചായത്തിന്റെ അധീനതയിലുള്ളതും വിവിധ വർഷങ്ങളിലായി ആർജ്ജിച്ചതുമായ വസ്തുവകകൾ, റോഡ്, കെട്ടിടം തുടങ്ങിയ ആസ്തികളുടെ വിശദാംശങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. റോഡുകളെ സംബന്ധിച്ച് നിലവിലുള്ള ആസ്തി രജിസ്റ്ററിൽ 2015-16 വരെയുള്ള വിവരങ്ങൾ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂവെന്നാണ് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചത്. ഇതിലെ രേഖപ്പെടുത്തലുകൾ ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.
2. പഞ്ചായത്തിലെ നിലവിലുള്ള റോഡുകളെ സംബന്ധിച്ച് റോഡ് മാപ്പ് സൂക്ഷിച്ചിട്ടില്ല. ഇതുമൂലം ഓരോ വാർഡിലും നിലവിലുള്ള റോഡുകളെ സംബന്ധിച്ച്, ഒന്നിലധികം വാർഡുകളിലൂടെയും മറ്റു പഞ്ചായത്തുകളിലൂടെയും കടന്നുപോകുന്ന റോഡുകളെ സംബന്ധിച്ച് കൃത്യമായ വിവരം പഞ്ചായത്തിനു ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു.
3. ബ്ലോക്ക് പഞ്ചായത്ത് പുറക്കാട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഓരോ വർഷവും നടത്തുന്ന നിർമ്മാണ പ്രവർത്തികളെ സംബന്ധിച്ച് നിർമ്മാണത്തിനു മുൻപോ ശേഷമോ രേഖാമൂലം അറിയിക്കാറില്ലെന്നാണ് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുള്ളത്. ഇപ്രകാരം സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ രേഖാമൂലം കൈമാറാത്തതുമൂലം ആസ്തിരജിസ്റ്ററിൽ ഇവയുടെ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നില്ല.

4. പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കുന്ന എം.പി/എം.എൽ.എ വർക്കുകളെ സംബന്ധിച്ചും ഇതേ അവസ്ഥ തന്നെ നിലനിൽക്കുന്നതിനാൽ പ്രസ്തുത നിർമ്മാണ പ്രവർത്തികളുടെ വിവരവും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ പോകുന്നു.

5. മുകളിൽ പ്രതിപാദിച്ച അപാകതകൾ മൂലം പഞ്ചായത്തിന്റെ നിലവിലെ ആസ്തിയെ സംബന്ധിച്ച് കൃത്യമായ വിവരം ലഭിക്കാത്ത അവസ്ഥയും അതുവഴി ആസ്തിപരിപാലനത്തിൽ വീഴ്ചയും അധികചെലവിനും ഇടവരുത്തുന്നു. ആകയാൽ പഞ്ചായത്തിന്റെ ആസ്തികളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 300000/- | പ്രോജക്ട് നം 65/18<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 280884/- | 19116 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 248250/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 248250/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 2,05,000/- | പ്രോജക്ട് നം.106/18 പാലിന് സബ്സിഡി | 2,05,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000/- | നം.106/18 പാലിന് സബ്സിഡി | 250000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 325800 | പാലിയേറ്റീവ് കെയർ (പ്രോജക്ട് നം.S0083/18) | 163212 | 162588 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | ലൈൻഎക്സ്റ്റൻഷൻ(പ്രോജക്ട് നം.S0097/18) | -- | 500000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./തീയതി | നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | ആർ.ഒ പ്ലാന്റ് നിർമ്മാണം (പ്രോജക്ട് നം. 96/18) | വൗച്ചർ നം. 85/10.11.17<br>191/6.3.18 | 500000/-<br>50000/- | - | 500000/-<br>50000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം.97/18) | 80/10.11.17<br>169/20.2.18<br>1134890/31.3.18<br>1134887/28.3.18<br>1134888/28.3.18<br>1134889/28.3.18 | 1653207146793<br>4277<br>76900<br>197148<br>134316 | | 1653207<br>146793<br>4277<br>76900<br>197148<br>134316 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം.168/18) | 167/19.2.18 | 148226 | | 148226 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ 4881/- രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക. | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2016-17 | 3-3 | 4881 | സിസി ആന്റണി, അസിസ്റ്റന്റ് എഞ്ചിനീയർ | 117020100742/13.12.17 |
| ആകെ | | 4881/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം.

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80264484 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75510521 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 95912 |
| തടസ്സപ്പെടുത്തിയ തുക | 1402221 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3(I)എ | | 28500 | ശ്രീ.നൗഷാദ്.എ, സെക്രട്ടറി, 20.09.17 ലെ കമ്മറ്റി അംഗങ്ങൾ |
| 3-3(I)ബി | | 997 | ശ്രീ.നൗഷാദ്.എ, സെക്രട്ടറി. |
| 3-4 | | 13865 | ശ്രീ.ആന്റണി സി,<br>അസിസ്റ്റന്റ് സെക്രട്ടറി, 20.09.17 ലെ കമ്മറ്റി അംഗങ്ങൾ |
| 3-7 | | 49800 | ശ്രീ.നൗഷാദ്.എ, സെക്രട്ടറി |
| 3-9 | | 2750 | അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 95912 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|
| 3-2 | 46195 | ശ്രീ. നൗഷാദ് എ, സെക്രട്ടറി. |
| 3-3(I) | 626088 | ശ്രീ.നൗഷാദ്. എ, സെക്രട്ടറി. |
| 3-3(II) | 244028 | ശ്രീ.നൗഷാദ്. എ, സെക്രട്ടറി. |
| 3-4 | 82640 | ശ്രീ.ആന്റണി. സി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 50000 | ശ്രീ.ആന്റണി.സി, അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 3-11 | 133725 | ശ്രീ.ആന്റണി.സി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 15000 | ശ്രീ.ആന്റണി.സി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | 135570 | ശ്രീ.നൗഷാദ്.എ, സെക്രട്ടറി. |
| 3-17 | 68975 | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി |
| ആകെ | 1402221 | |

(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.നൗഷാദ്. എ, സെക്രട്ടറി. | വിരമിച്ചു | സബൂർമൻസിൽ, സക്കറിയ ബസാർ, ആലപ്പുഴ |
| ശ്രീ.ആന്റണി. സി,<br>അസിസ്റ്റന്റ് സെക്രട്ടറി | | ഗ്രേസ് വില്ല, തകഴി പി.ഒ, ആലപ്പുഴ |
| ഡോ.പ്രീതി, മെഡിക്കൽ ഓഫീസ്സർ, പി.എച്ച്.സി | | നവനീതം, കരുർ,അമ്പലപ്പുഴ |
| ശ്രീമതി.സിസി ആന്റണി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,പുറക്കാട് ഗ്രാമപഞ്ചായത്ത് | ചൊക്കംതയ്യിൽ, കൊമ്മാടി വാർഡ്, തുമ്പോളി |
| 20.09.17 ലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെ പേര്, മേൽവിലാസം എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്. | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |

| | |
|---|---|
| 1999-00 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2001-02 (ചെലവ്) | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2003-04 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2004-05 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2005-06 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2006-07 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2007-08 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2008-09 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2009-10 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2010-11 | എൽ.എഫ്.എ പി8- 1091/12/20.11.2012/16.01.2013 |
| 2011-12 | എൽ.എഫ്.എ പി8- 373/14/26.05.2014 |
| 2012-13, 2013-14 | എൽ.എഫ്.എ പി8- 1826/14/05.02.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി12-839/16 തീയതി. 30.07.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി12-1305/16 തീയതി. 02.12.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി12-1244/17 തീയതി. 25.10.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ട താണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം.1

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(63)/2018 തീയതി: 30.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം.3

20.09.17 ലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ

| വാർഡ് നം. | മെമ്പറുടെ പേര്, മേൽവിലാസം |
|---|---|
| 1 | ശ്രീ.പ്രസാദ്.പി, കൊച്ചുപറമ്പ്, കരൂർ |
| 2 | ശ്രീമതി.പ്രിയാ.ബി, ഗിരിജാ ഭവൻ, കരൂർ |
| 3 | ശ്രീമതി.ജയശ്രീ ചന്ദ്രു, കൊക്കാട്ടുമഠം |
| 4 | ശ്രീ.സജി മാത്തേരിൽ, മാത്തേരിൽ, കരൂർ |
| 5 | ശ്രീമതി.പ്രഭാ രവി, ജോഷി നിവാസ്, പുറക്കാട് |
| 6 | അഡ്വ.വി.എസ്.ജിനരാജ്, കുറ്റിക്കാട്, പുറക്കാട് |
| 8 | ശ്രീമതി.ആർ.സുനി, പുതുവൽ, തോട്ടപ്പള്ളി |
| 9 | ശ്രീമതി.പി.പി.നിജി, പാണ്ഡിയൻ പറമ്പ്, തോട്ടപ്പള്ളി |
| 10 | ശ്രീ.പി.അരോമൽ, കോളനി നം.1, തോട്ടപ്പള്ളി |
| 13 | ശ്രീമതി.നിജാ അനിൽകുമാർ, മാമ്പറമ്പ്, തോട്ടപ്പള്ളി |
| 15 | ശ്രീമതി.സുജാ തങ്കക്കുട്ടൻ, പുത്തൻപറമ്പ്, പുത്തൻനട |
| 16 | ശ്രീമതി.റഹ്മത്ത്, തോപ്പിൽ, പുറക്കാട് |
| 17 | ശ്രീമതി.സുലേഖാ ബാബു, ബാല്യഭവനം, പുറക്കാട് |
| 18 | ശ്രീമതി.ബിന്ദു ഷാജി, പുത്തൻപറമ്പ്, പഴയങ്ങാടി |

ഡെപ്യൂട്ടി ഡയറക്ടർ